**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 317 — 25.06.2012 ൽ മറുപടിയ്ക്ക്

## മാധവ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.കെ.ബാലൻ<br>ശ്രീ.എം.എ.ബേബി<br>ഡോ.കെ.ടി.ജലീൽ<br>ശ്രീ.കെ.കെ.ജയചന്ദ്രൻ | ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിക്കപ്പെട്ട മാധവ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഉണ്ടെങ്കിൽ കേരളത്തിലെ ഏതെല്ലാം താലൂക്കുകളെ പരിസ്ഥിതി ലോല പ്രദേശങ്ങളുടെ ഒന്നും രണ്ടും സോണുകളിൽ ഉൾപ്പെടുത്തുന്നതിനായി കമ്മിറ്റി ശുപാർശ ചെയ്യിട്ടുണ്ടെന്നറിയാമോ; | (ബി) തൊടുപുഴ, ഉടുമ്പൻചോല, ദേവികുളം, പീരുമേട്, തലശ്ശേരി, പുനലൂർ, മണ്ണാർക്കാട്, ചിറ്റൂർ, റാന്നി, നെടുമങ്ങാട്, ഇരിങ്ങാലക്കുട, വൈത്തിരി, മാനന്തവാടി, സുൽത്താൻബത്തേരി എന്നീ താലൂക്കുകളെ ഇക്കോളജിക്കലി സെൻസിറ്റീവ് ഏരിയ ഒന്നിലും (ESZ-1) കാഞ്ഞിരപ്പള്ളി, തൃശ്ശൂർ താലൂക്കുകളെ ESZ-2 |

| | |
|---|---|
| | ലും ഉൾപ്പെടുത്തുന്നതിന് ഗാഡ്ഗിൽ കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്. |
| (സി) കേരളത്തിന്റെ പൊതുവികസനവുമായി ബന്ധപ്പെട്ട ഏതെല്ലാം മേഖലകളിൽ ഏതെല്ലാം നിലയിലുള്ള തടസ്സങ്ങൾ ഉണ്ടാക്കുന്നതാണ് പ്രസ്തുത റിപ്പോർട്ട് എന്ന് പരിശോധിച്ചിട്ടുണ്ടോ; | (സി) ഭൂവിനിയോഗം, കെട്ടിടനിർമ്മാണം, മാലിന്യ സംസ്ക്കരണം, ജലം, കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം, വനവല്ക്കരണം, ജൈവവൈവിധ്യം, ഖനനം, മണൽഖനനം, മലിനീകരണം ഉണ്ടാക്കുന്ന വ്യവസായങ്ങൾ, അല്ലാത്തവ, ഊർജ്ജം, ഗതാഗതം, ടൂറിസം, വിദ്യാഭ്യാസം, ശാസ്ത്ര സാങ്കേതികം, എന്നീ മേഖലകളിൽ ഓരോ നിർദ്ദിഷ്ഠ സോണിലും നടപ്പാക്കേണ്ട നിയന്ത്രണങ്ങൾ സംബന്ധിക്കുന്ന പൊതുവായ മാർഗ്ഗരേഖകൾ നിർദ്ദേശിച്ചിട്ടുണ്ട്. 50 വർഷം കഴിഞ്ഞ ഡാമുകൾ ഡീകമ്മീഷൻ ചെയ്യണമെന്നും ശുപാർശയുണ്ട്. |
| (ഡി) പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകൾ ഏറെയും പരിസ്ഥിതി മൗലികവാദപരവും വികസന വിരുദ്ധവുമാണെന്ന ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) സർക്കാരിന് അങ്ങനെ അഭിപ്രായമില്ല. എന്നാൽ റിപ്പോർട്ട് പ്രായോഗികമല്ലെന്നാണ് സർക്കാരിന്റെ അഭിപ്രായം. |

| | |
|---|---|
| (ഇ) എങ്കിൽ ശുപാർശകൾ കേന്ദ്ര ഗവൺമെന്റ് പഠിച്ചു വരുന്ന ഘട്ടത്തിൽ തന്നെ, കേരളത്തെ എങ്ങിനെ യൊക്കെ ബാധിക്കുമെന്ന് പരിശോധിക്കാനും ഒബ്ജക്ഷനുകൾ ഉന്നയിക്കാനും സർക്കാർ തയ്യാറാകുമോ ? | (ഇ) റിപ്പോർട്ടിന്മേലുള്ള സംസ്ഥാനത്തിന്റെ സുചിന്തിതമായ അഭിപ്രായം യഥാസമയം തന്നെ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തെ അറിയിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ വികസനാവശ്യങ്ങളെയും പരിമിത ഭൂമിയുടെ പ്രയോജനകരമായ ഉപഭോഗത്തെയും ഗുരുതരമായി ബാധിക്കുന്ന ശുപാർശകൾ പരിശോധിക്കുന്നതിനായി ഒരു വിദഗ്ധ സമിതിയെ നിയോഗിക്കാനും തീരുമാനിച്ചിട്ടുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ